# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മെയ് 16**

---

## ഫിസിക്കൽ എജ്യുക്കേഷനിൽ പിജി

*ടൈംസ് ഹയർ എജ്യുക്കേഷന്റെ 2025ലെ ഏഷ്യാ യൂണിവേഴ്സിറ്റി റാങ്കിംഗിൽ സ്പോർട്സ് മേഖലയിലെ ഉന്നത പഠന കേന്ദ്രങ്ങളുടെ പട്ടികയിൽ രാജ്യത്ത് ഒന്നാം സ്ഥാനം നേടിയ മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഫിസിക്കൽ എജ്യുക്കേഷൻ പി.ജി പ്രോഗ്രാമിന് ഇപ്പോൾ അപേക്ഷിക്കാം.*

*സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് നടത്തുന്ന മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർടസ് പ്രോഗ്രാമിൽ പ്രവേശന പരീക്ഷയുടെയും കായിക മികവിന് ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിലാണ് പ്രവേശനം.*

*നൂതന സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള പഠനം, മികച്ച അടിസ്ഥാന സൗകര്യങ്ങൾ, പ്ലേസ്മെന്റ് അവസരം, ഡബിൾ സ്പെഷ്യലൈസേഷൻ തുടങ്ങിയവ പ്രോഗ്രാമിന്റെ പ്രത്യേകതകളാണ്.*

cat.mgu.ac.in *വഴി അപേക്ഷ സമർപ്പിക്കാം. ഫോൺ9567424302, 8943118266, 0481 2733377. ഇമെയിൽ-*spess@mgu.ac.in.

*(പി.ആർ.ഒ/39/1567/2025)*

## എം.എ ഇക്കണോമിക്സ്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സിൽ എം.എ ഇക്കണോമിക്സിന് ഇപ്പോൾ അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ(*cat.mgu.ac.in*). ഫോൺ-9447854270, 048 2733382.*
*(പി.ആർ.ഒ/39/1568/2025)*

## എംഎ ഹിസ്റ്ററി, ആന്ത്രപ്പോളജി

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ ഹിസ്റ്ററി, ആന്ത്രപ്പോളജി എന്നീ വിഷയങ്ങളിൽ എംഎ പ്രോഗ്രാമിന് അപേക്ഷിക്കാം. ഏതെങ്കിലും വിഷയത്തിൽ 45 ശതമാനം മാർക്കോടെ ബിരുദമുള്ളവരെയാണ് പരിഗണിക്കുന്നത്. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ(cat.mgu.ac.in). ഫോൺ–94468 82478*

*(പി.ആർ.ഒ/39/1569/2025)*

## സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ

*മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ്(ഡാസ്പ്) നടത്തുന്ന നാനോസയൻസ് ആന്റ് നാനോ ടെക്നോളജി, പ്ലാന്റ് ടിഷ്യു കൾച്ചർ ടെക്നോളജി പി.ജി സർട്ടിഫിക്കറ്റ് പ്രോഗ്രാമുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.*

*രജിസ്ട്രേഷൻ ലിങ്ക്:* https://forms.gle/uvQxGQRU8SzLb4G8A. *ഫോൺ– 8078786798, 0481 2733292. ഇമെയിൽ–*dasp@mgu.ac.in

*(പി.ആർ.ഒ/39/1570/2025)*

## ഡിപ്ലോമ കോഴ്സ്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും (ഐയുസിഡിഎസ്) കോതമംഗലം പീസ് വാലിയും സംയുക്തമായി ആരംഭിക്കുന്ന ജറിയാട്രിക്ക് റിഹാബിലിറ്റേഷൻ ആൻറ് വെൽനെസ്സ് ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷിക്കാം. പ്രീ ഡിഗ്രി അല്ലെങ്കിൽ പ്ലസ് ടൂവാണ് അടിസ്ഥാന യോഗ്യത. പ്രായപരിധിയില്ല.*

*ഓൺലൈൻ, ഓഫ് ലൈൻ ക്ലാസുകൾ ഉണ്ടാകും. പ്രായോഗിക പരിശീലനം വിവിധ കേന്ദ്രങ്ങളിൽ നടക്കും. രജിസ്ട്രേഷൻ ഫീസ് 9000 രൂപ. ഫോൺ–8547165178,8891391580 ഇമെയിൽ* -iucdsmgu@mgu.ac.in

*(പി.ആർ.ഒ/39/1571/2025)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ എംഎ ഹിന്ദി, എംഎ മലയാളം, എംഎ തമിഴ് (പിജിസിഎസ്എസ് 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധന*

*യ്ക്കും മെയ് 28 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

*(പി.ആർ.ഒ/39/1572/2025)*

## പരീക്ഷാ തീയതി

*ഒന്നാം സെമസ്റ്റർ സിബിസിഎസ് ബിഎ, ബികോം (പ്രൈവറ്റ് രജിസ്ട്രേഷൻ 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷകൾ മെയ് 21 മുതൽ നടക്കും.*

*(പി.ആർ.ഒ/39/1573/2025)*

## സബ് സെന്ററുകൾ അനുവദിച്ചു

*മെയ് 21ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ സിബിസിഎസ് ബിഎ, ബികോം -പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷകൾക്ക് സബ് സെന്ററുകൾ അനുവദിച്ചുള്ള വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. മെയ് 19 മുതൽ ഹാൾ ടിക്കറ്റുകൾ ലഭിക്കും. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത കേന്ദ്രങ്ങളിൽനിന്നും ഹാൾ ടിക്കറ്റ് വാങ്ങി അനുവദിക്കപ്പെട്ട കേന്ദ്രങ്ങളിൽ പരീക്ഷ എഴുതണം.*

*(പി.ആർ.ഒ/39/1574/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*ഒന്നാം സെമസ്റ്റർ എൽഎൽഎം (2024 അഡ്മിഷൻ റഗുലർ, 2022, 2023 അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മെയ് 26 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മെയ് 27 വരെയും സൂപ്പർ ഫൈനോടുകൂടി മെയ് 28 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1575/2025)*

## അസിസ്റ്റന്റ് പ്രഫസർ; കരാർ നിയമനം

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ് (ഐയുസിഡിഎസ്) എംഎസ്ഡബ്ല്യു റഗുലർ*

*പ്രോഗ്രാമിൽ അസിസ്റ്റന്റ് പ്രഫസർ തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒബിസി, ജനറൽ, ഭിന്നശേഷി വിഭാഗങ്ങളിൽ സംവരണം ചെയ്യപ്പെട്ട ഓരോ ഒഴിവുകൾ വീതമാണുള്ളത്.*

*യുജിസി നിഷ്കർഷിക്കുന്ന അധ്യാപന യോഗ്യതകളുള്ളവരെയാണ് പരിഗണിക്കുന്നത്. പിഎച്ച്ഡി അഭികാമ്യം. ഭിന്നശേഷി വിഭാഗത്തിലുള്ളവരുടെ അഭാവത്തിൽ മറ്റു വിഭാഗങ്ങളിലുള്ളവരെ പരിഗണിക്കും.*

*അർഹരായവർ മെയ് 25ന് മുമ്പായി യോഗ്യതയും പ്രവൃത്തിപരിചയവും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുകളുമായി ഐയുസിഡിഎസ് ഓഫിസിൽ എത്തണം. ഫോൺ– 8891391580, ഇൗമെയിൽ* –iucdsmgu@mgu.ac.in

*(പി.ആർ.ഒ/39/1576/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**